**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 942** **10-08-2023 - ൽ മറുപടിയ്ക്ക്**

**വികസനോത്സവം 2023 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിന് പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ ഗ്രാമ ഗ്രാമാന്തരങ്ങളിൽ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിന് പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ ഗ്രാമ ഗ്രാമാന്തരങ്ങളിൽ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് സേവ് (Social Action & Voluntary Education) ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. വിജ്ഞാൻവാടികൾ കേന്ദ്രീകരിച്ച് ഗ്രാമങ്ങളിൽ രൂപീകരിച്ചിട്ടുള്ള സേവ് ക്ലബ്ബുകളുടെ സഹായത്തോടെ സാമൂഹ്യ മുന്നേറ്റം ലക്ഷ്യം വച്ച് കൂട്ടായ്മകൾ സംഘടിപ്പിച്ച് വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംസ്ഥാനത്ത് വികസനോത്സവം 2023 പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്. വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും വൈജ്ഞാനികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിൽ സ്കൂൾ അവധിക്കാലം മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് സേവ് ക്ലബ്ബുകളുടെ സഹകരണത്തോടെ കല-കായിക-സാംസ്കാരിക പരിപാടികളും പാഠ്യപദ്ധതികളും ഉൾപ്പെടുത്തി 'വികസനോത്സവം-2023' സംഘടിപ്പിച്ചിരുന്നു. |
| (സി) | സാമൂഹ്യ, സാംസ്കാരിക, വൈജ്ഞാനിക മേഖലകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ആവശ്യമായ പിന്തുണ നൽകി അവരെ പരിഷ്കൃത സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിന് എന്തെല്ലാം തുടർനടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ; | (സി) | വിജ്ഞാനവും വിനോദവും സമന്വയിപ്പിച്ച് പഠനത്തിനും മത്സരപ്പരീക്ഷകൾക്കും പട്ടികജാതി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി വിജ്ഞാന ക്ലബുകൾ, യുവജനങ്ങൾക്കായി യുവജന ക്ലബുകൾ, തൊഴിലിനായി കരിയർ ഗൈഡൻസ്, വിദ്യാർത്ഥികൾക്കായി വിനോദസംഗമങ്ങൾ, കലാകായിക മത്സരങ്ങൾ, ദിനാചരണങ്ങൾ, പഠന കൂട്ടായ്മകൾ, സ്റ്റഡി ക്ലബുകൾ, ജില്ലാതലങ്ങളിൽ ശില്പശാലകൾ, ക്യാമ്പുകൾ, സങ്കേതതലത്തിൽ ആരോഗ്യ ക്ലാസുകൾ, ക്ഷേമപദ്ധതികളെപ്പറ്റിയുള്ള |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>പട്ടികവർഗക്കാരുടെ കലാരൂപ പ്രോത്സാഹനത്തിനായി ഗദ്ദിക മേളകളും, വിദ്യാർത്ഥികൾക്കായി സർഗോത്സവം, കളിക്കളം, 364 സാമൂഹ്യപഠനമുറികൾ എന്നിവയും ജില്ലാതലങ്ങളിൽ വിവിധ മേളകളും സംഘടിപ്പിച്ചിട്ടുണ്ട്. പഠനമുറികളെ പി.എസ്.സി. കോച്ചിംഗ്, കൗൺസിലിംഗ്, സ്കിൽ ഡവലപ്മെന്റ് എന്നിവയും ഉൾപ്പെടുത്ത് കൊണ്ട് മോഡൽ സാമൂഹ്യ പഠനമുറികളായി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ 10-ാം തരത്തിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് സ്വർണമെഡലും, പി.വി.ടി.ജി വിദ്യാർത്ഥികൾക്ക് 'ഭാരതദർശൻ' പ്രകാരം ഇന്ത്യയിലെ ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് വിനോദയാത്രയും സംഘടിപ്പിച്ചുവരുന്നു. |
| (ഡി) | നവ കേരള നിർമ്മിതിക്ക് ആവശ്യമായ മാനവ വിഭവശേഷിയായി പട്ടികജാതി-പട്ടികവർഗ്ഗ യുവജനങ്ങളെയും വിദ്യാർത്ഥികളെയും മാറ്റിയെടുക്കുന്നതിന് ഈ പദ്ധതി മുൻഗണന നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | ആധുനിക തൊഴിൽ മേഖലകളിലെ നൈപുണ്യം കൈവരിക്കുന്നതിനായി ഐ.ടി.ഐ.കളിലെ ട്രേഡുകളുടെ പഠനത്തോടൊപ്പം അനുയോജ്യമായ ഹ്രസ്വകാല കോഴ്സുകൾ (Add on Courses) ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠനമേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിലയിലെത്തിക്കുന്നതിനും, അതു വഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ TRACE (Training for Career Excellence) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു വഴി എഞ്ചിനിയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽവർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയായവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനം നൽകുന്നതിന് അവസരമൊരുക്കുന്നു. നിലവിൽ 500 അക്രഡിറ്റഡ് എഞ്ചിനിയർ/ ഓവർസീയർ, 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും, 2399 പേർക്ക് പ്രമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. 69 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ |

| | | | |
|---|---|---|---|
| | | | ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമേ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരെയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ